**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3091 07.02.2018-ൽ മറുപടിയ്ക്ക്

## ഇവാകി/എനിമി പ്രോപ്പർട്ടി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിലും മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, തോപ്പുംപടി പ്രദേശങ്ങളിലുമുള്ള ഇവാകി/എനിമി പ്രോപ്പർട്ടി എന്ന പേരിലറിയപ്പെടുന്ന വസ്തുക്കളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ആരുടെയെല്ലാം പേരിലാണെന്ന് വ്യക്തമാക്കാമോ ; | (എ) കൊച്ചി താലൂക്കിൽ മട്ടാഞ്ചേരി വില്ലേജിൽ സർവ്വെ 31, 32/1,2 എന്നിവയിൽപ്പെട്ട 87.380 സെന്റ് ഇവാക്യു പ്രോപ്പർട്ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന അസ്രാജ് ബിൽഡിംഗിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 30 സെന്റ് സ്ഥലം കൊച്ചി കോർപ്പറേഷന് കൈമാറിയിട്ടുള്ളതും ബാക്കി സ്ഥലം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്. |
| (ബി) | നിലവിൽ ഇവ സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടോ; | (ബി) കൊച്ചി കോർപ്പറേഷന് കൈമാറിയത് കഴിച്ച് ബാക്കിയുള്ള ഭൂമി ലൈഫ് മിഷൻ പദ്ധതിയിലേക്ക് പ്രയോജനപ്പെടുത്തുന്നതിന് ടി പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ ഇത്തരം ഭൂമികൾ ലേലത്തിൽ വിൽക്കാനായി തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ